## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *133 | 21.03.2012 ൽ മറുപടിയ്ക്ക്

## കർഷകർക്ക് വരുമാന ഭദ്രത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** വരുമാന ഭദ്രത എന്ന രീതിയിൽ കർഷകർക്ക് സഹായം നൽകുന്നതിനായി ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ? | **(എ)** "വരുമാന ഭദ്രത" എന്ന രീതിയിലുള്ള ഒരു പദ്ധതിയുടെ കരട് തയ്യാറായി വരുന്നു. |
| **(ബി)** എങ്കിൽ പ്രസ്തു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | **(ബി)** പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പ്രകൃതിക്ഷോഭം മൂലമോ വിലയിടിവോ കീടരോഗാക്രമണം മൂലമോ കർഷകർക്ക് നഷ്ടം നേരിട്ടാൽ ഒരു തുക നഷ്ട പരിഹാരം നൽകുക.<br>2)സ്ഥിരമായ വരുമാനം ഉറപ്പാക്കി കർഷകരെ കാർഷിക വൃത്തിയിലേയ്ക്ക് ആകർഷിക്കുക.<br>3) കൃഷിക്കാരുടെ ഉപജീവന മാർഗ്ഗത്തിന് സഹായധനമായി പ്രവർത്തിക്കുക. |
| **(സി)** ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത പദ്ധതി വഴി സഹായം ലഭിക്കുന്നത്? | **(സി)** തിരഞ്ഞെടുത്ത വിളകൾക്കാണ് സഹായധനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് അന്തിമ രൂപം നൽകി കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ